# മുള്ളുകുറുമൻ



കേരളത്തിലെ പട്ടിക വർഗ്ഗ
സമുദായങ്ങളുടെ സ്പർശ്യ
സ്പർശ്യേതര പൈതൃകങ്ങളുടെ
ഡോക്യുമെന്റേഷൻ

വികസന പഠന വിഭാഗം

കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്)

കോഴിക്കോട് / ജനുവരി 2020

# മുള്ളുകുറുമൻ

## കേരളത്തിലെ പട്ടിക വർഗ്ഗ സമുദായങ്ങളുടെ സ്പർശ്യ സ്പർശ്യേതര പൈതൃകങ്ങളുടെ ഡോക്യുമെന്റേഷൻ


**വികസന പഠന വിഭാഗം**

കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്)

കോഴിക്കോട് ജനുവരി 2020



പ്രൊജക്ട് മേൽനോട്ടം

**മിനി. പി.വി**
ഡെപ്യൂട്ടി ഡയറക്ടർ
(വികസന പഠന വിഭാഗം) i/c

റിപ്പോർട്ട് തയ്യാറാക്കിയത്

**സുരേഷ് കെ.പി**
റിസർച്ച് അസിസ്റ്റന്റ്

**മുഹമ്മദ് ഫാസിൽ കെ**
പ്രൊജക്ട് ഫെല്ലോ

# ഉള്ളടക്കം


ആമുഖം

സമൂഹഘടന

ഉപജീവന മാർഗ്ഗങ്ങൾ

നായാട്ട്

മീൻപിടുത്തം

കൃഷി

കാർഷികോപകരണങ്ങൾ

ഗാർഹികോപകരണങ്ങൾ

സംസ്ക്കാര കർമ്മങ്ങൾ

ജനനം

വിവാഹ ചടങ്ങുകൾ

മരണാനന്ത ചടങ്ങുകൾ

വിശ്വാസം


സാമൂഹ്യമാറ്റം

# മുള്ളുകുറുമൻ

കേരളത്തിൽ വയനാട് ജില്ലയിലും തമിഴ്നാട്ടിൽ ഗൂഡല്ലൂർ താലൂക്കിലെ ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു പട്ടികവർഗ്ഗ സമുദായമാണ് മുള്ളുകുറുമർ. വയനാട് ജില്ലയിലെ മീനങ്ങാടി, നെന്മേനി, അമ്പലവയൽ,പൂതാടി, പുൽപ്പള്ളി, നൂൽപ്പുഴ, മേപ്പാടി, മുട്ടിൽ, പനമരം, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി, കൽപ്പറ്റ നഗരസഭകളിലുമാണ് മുള്ളുകുറുമർ പ്രധാനമായും താമസിച്ചു വരുന്നത്. മുൻകാലങ്ങളിൽ കൃഷി ചെയ്തും, വേട്ടയാടിയും, മീൻപിടിച്ചുമാണ് മുള്ളുകുറുമർ ഉപജീവനം കണ്ടെത്തിയിരുന്നത്.

2011 സെൻസസ് പ്രകാരം 24505 പേരിൽ 12148 പുരുഷന്മാരും, 12357 സ്ത്രീകളുമാണുള്ളത്. മുള്ളുകുറുമരിലെ സ്ത്രീ പുരുഷാനുപാതം 1017: 1000 ആണ്. സാക്ഷരത നിലവാരം 84.1 ശതമാനമാണ്.




DISTRIBUTION OF MULLUKURUMAN COMMUNITIES IN WAYANAD DISTRICT
N
KODAGU DISTRICT
KANNUR DISTRICT
KARNATAKA STATE
MYSORE DISTRICT
KOZHIKODE DISTRICT
TAMILNADU STATE
NILGIRIS DISTRICT
MALAPPURAM DISTRICT
Thirunelli
Mullankolly
Thavinjal
Mananthavadi
Pulpally
Edavaka
Thondernadu
Panamaram
Poothadi
Sulthanbathery
Vellamunda
Kaniyambetta
Padinjarethara
Kottathara
Meenangadi
Noolpuzha
Vengapally
Muttil
Thariyode
Nenmeni
Ambalavayal
Pozhuthana
Vythiri
Meppadi
Moopainade
Mullukuruman
Mullukuruman communities populated panchayats
SCHEDULED TRIBES LIST AS PER
0 1.75 3.5 7 10.5 14
Kilometers

# ഐതിഹ്യം

മുള്ളുകുറുമ സമുദായത്തിന്റെ ഉൽപത്തിയുമായി ബന്ധപ്പെടുത്തി പല കഥകൾ നിലവിലുണ്ട്. വേടരാജാവ് വയനാട് ഭരിച്ചിരുന്ന കാലത്ത് രാജാവിന്റെ മകൻ വയനാടും കോട്ടയും സന്ദർശിക്കുവാനും ക്ഷേത്രദർശനം നടത്താനുമായി കുതിരപ്പുറത്ത് വന്നുവെന്നും പാക്കം ദേശത്തുകൂടി സഞ്ചരിക്കുമ്പോൾ വേടരാജകുമാരി നീരാടുന്നത് നോക്കി നിന്നുവെന്നും വേടരാജാവിന്റെ ഭടന്മാർ കുമാരനെ കൈയ്യോടെ പിടിച്ചുകെട്ടി രാജാവിന്റെ സമീപത്ത് എത്തിച്ചു. രാജകുമാരനാണെന്ന് മനസ്സിലാക്കിയതിനാലും രാജകുമാരിയുടെ നീരാട്ട് നോക്കി നിന്നതിനാലും കുമാരിയെ വിവാഹം കഴിക്കാൻ രാജകുമാരനോട് വേടരാജാവ് ആവശ്യപ്പെട്ടു. എന്നാൽ പിതാവായ കോട്ടയം രാജാവിന്റെ അനുവാദം വേണമെന്നതിനാൽ വേടരാജാവ് കോട്ടയം രാജാവിനെ നടന്ന സംഭവങ്ങൾ വിവരിച്ചു. കോട്ടയം രാജാവ് വേടവംശത്തെ കീഴ്പ്പെടുത്താൻ തക്കം പാർത്ത് നിൽക്കുകയായിരുന്നു. ഇത് ഒരു അവസരമായി കരുതി അദ്ദേഹം രാജകുമാരനും വേടരാജകുമാരിയും തമ്മിലുള്ള വിവാഹത്തിന് സമ്മതമറിയിച്ചു. അതോടൊപ്പം ചില നിബന്ധനകൾ മുന്നോട്ട് വെച്ചു. കടുക്ക, നെല്ലിക്ക എന്നിവ നിരത്തി പന്തലൊരുക്കണമെന്നും ആയുധങ്ങൾ മുഴുവൻ മണ്ണിൽ കുഴിച്ചിടണമെന്നും ആവശ്യപ്പെട്ടു. ഉപാധികൾ അംഗീകരിച്ച വേടരാജാവ് കല്യാണത്തിനുള്ള ഒരുക്കങ്ങൾ നടത്തി. കല്യാണ ദിവസം ചതി പ്രയോഗത്തിലൂടെ വേടരാജാവിന്റെ ആൾക്കാരെ കോട്ടയം രാജാവും പടയാളികളും വകവരുത്തി. വേടരാജാവിന്റെ സ്വത്തുക്കൾ മുഴുവൻ കൈക്കലാക്കി. പന്ത്രണ്ട് നായർ തറവാടുകൾക്ക് ഈ സ്വത്തുക്കൾ വീതം വെച്ചു നൽകിയെന്നും വേടവംശത്തെ സ്ത്രീകളെ വിവാഹം ചെയ്തുവെന്നും പറയപ്പെടുന്നു. അവരുടെ പിൻഗാമികളാണ് മുള്ളുകുറുമരെന്ന് വിശ്വസിക്കപ്പെടുന്നു. നായർ പടയാളികൾ വേടവംശത്തിലെ നാലു സ്ത്രീകളെ വിവാഹം കഴിച്ചുവെന്നും ഇവരെയാണ് നാലുകുലങ്ങളുടെ പൂർവ്വീകരായി കരുതുന്നതെന്നും അഭിപ്രായപ്പെട്ടു.



# കുടി

മുള്ളുകുറുമരുടെ ആവാസസ്ഥലത്തെ കുടി എന്നാണ് പറയുന്നത്. മുളയും പുല്ലും മണ്ണും ഉപയോഗിച്ചാണ് മുൻകാലത്ത് പെര (വീട്) നിർമ്മിച്ചിരുന്നത്. തറ ഉയർന്ന നിലയിലാണ് നിർമ്മാണരീതി. മൂന്ന് മീറ്റർ വരെയുള്ള തറകൾ പണ്ട് കാലങ്ങളിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇല്ലി (മുള) മെടഞ്ഞ് ഉണ്ടാക്കുന്ന പണ(മച്ച്) ആണ് വീടിന്റെ പ്രധാന സവിശേഷത. മുളയുടെ കമ്പ് നിരത്തിയതിനുശേഷം മണ്ണുമെഴുകിയാണ് പണ ഉണ്ടാക്കിയിരുന്നത്. നെല്ലും മറ്റ് ധാന്യങ്ങളും ഉണക്കാൻ വേണ്ടിയാണ് ഇത് നിർമ്മിച്ചിരുന്നത്. മേൽകൂരയിൽ പുല്ലു മേയുന്നതിനാൽ നല്ല ചൂട് ലഭിക്കുന്നു. അടുത്തടുത്ത വീടുകളിലാണ് കുറുമർ താമസിച്ചിരുന്നത്. ഒരു കുടിയിൽ പത്തുമുതൽ ഇരുപതിലേറെ വീടുകൾ ഉണ്ടാകും. ഓരോ കുടിയിലും ബലിയപ്പെര ഉണ്ടായിരിക്കും. ഒരു കുടിയിലെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത് ആ കുടിയിലെ മുതിർന്ന ആളാണ് പോരുന്നവൻ (കുടിമൂപ്പൻ). കുടിമൂപ്പനെ സഹായിക്കുന്ന ആളാണ് പോരാത്തവൻ ഇത് തലമുറകളായി ലഭിക്കുന്ന സ്ഥാനമാണ്.



# സമൂഹഘടന

മുള്ളുകുറുമരുടെ സമൂഹഘടന നാല് നാട്, മൂന്ന്കുന്ന് എന്നിങ്ങനെയായിരുന്നു. ഈ നാടുകളെയും കുന്നുകളെയും പാറയ്ക്ക് മേലെ, പാറയ്ക്ക് താഴെ എന്ന രീതിയിലും വിഭജിച്ചിരുന്നു. ഈ നാടുകളെയും കുന്നുകളെയും നിയന്ത്രിച്ചിരുന്നത് അപ്പാട് തലച്ചിൽ ആയിരുന്നു. കാരനാട്(പൊറക്കാടി), നെരിയനാട്(പൂതാടി), കെല്ലുനാട്(ഇരുളം), പാക്കനാട്(പാക്കം) എന്നിവയായിരുന്നു നാലു നാടുകൾ. കോട്ടൂർ, എടൂർ, മടൂർ എന്നിവയായിരുന്നു മൂന്നു കുന്നുകൾ. ഈ ഓരോ പ്രദേശത്തെയും നിയന്ത്രിച്ചിരുന്നത് ഓരോ നാട്ടുമൂപ്പന്മാരും കുന്നുമൂപ്പന്മാരുമായിരുന്നു. ഓരോ കുന്നിന്റെയും നാടിന്റെയും കീഴിൽ അനേകം കുടികൾ ഉണ്ടായിരുന്നു. മുള്ളുകുറുമർ താമസിച്ചിരുന്ന പ്രദേശത്തെയാണ് കുടികൾ എന്നു പറയുന്നത്. ഓരോ കുടിയിലും പത്തിലേറെ പെരകൾ (വീടുകൾ) ഉണ്ടായിരുന്നു. ഓരോ കുടിയുടേയും നിയന്ത്രണം ആ കുടിയിലെ മുതിർന്ന ആളിന്റെ കീഴിലാണ്. അദ്ദേഹത്തെ പോരുന്നോൻ/ കുടിമൂപ്പൻ, പോരുന്നമുത്തൻ, കുടികാരണവർ എന്നിങ്ങനെ വിളിക്കുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനായി പോരാത്തവൻ എന്ന രണ്ടാം മൂപ്പനുണ്ട്. മൂപ്പൻ സ്ഥാനങ്ങൾ പാരമ്പര്യമായി ലഭിക്കുന്നതാണ്. കോട്ടൂർമൂപ്പന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങൾ പിന്നീട് നെല്ലിവയൽ മൂപ്പന്റെ കീഴിലായി പൊങ്ങിളി മൂപ്പത്താറ്, ചുള്ളിയോട്പത്ത് എന്നിങ്ങനെ അറിയപ്പെടുന്നു.



# നായാട്ട്

നായാട്ട്(വേട്ടയാടൽ) ആചാരത്തിന്റെ ഉപജീവനത്തിന്റെയും ഭാഗമായിരുന്നു. പരമശിവൻ കണ്ടംപുലിയുടെ അവതാരമെടുത്ത് നായാട്ടിന് പോയപ്പോൾ ശിവനെ അനുഗമിച്ചവരാണ് മുള്ളുകുറുമരെന്ന് വിശ്വസിക്കുന്നു.
ഉച്ചാലിനോടനുബന്ധിച്ച് കുന്നു മൂപ്പന്റെ നിർദ്ദേശ പ്രകാരം കുന്നിലെ മുതിർന്ന പുരുഷന്മാർ സംഘം ചേർന്ന് നായാട്ടിനായി പോകുന്നു. നായാട്ടിൽ നിന്നും കിട്ടിയ മൃഗത്തിന്റെ ഇറച്ചി എല്ലാവർക്കുമായി വീതിച്ചു നൽകുന്നു. മൃഗത്തെ അമ്പെയ്ത് വീഴ്ത്തിയ ആളിന് ഒരു കാലും തലയും നൽകുന്നു. ഉച്ചാറിനും പുത്തരിയ്ക്കും അല്ലാതെ നായാട്ട് നടത്തിയിരുന്നത് മൃഗങ്ങളെ കൃഷി ശല്യത്തിൽ നിന്നും ഓടിച്ചു വിടാനും കൃഷിയുടെ സംരക്ഷണത്തിനുമായിരുന്നു. പന്നി, മാൻ, മുയൽ, മുള്ളൻപന്നി എന്നിവയാണ് പ്രധാനമായും ലഭിച്ചിരുന്ന മൃഗങ്ങൾ. തുലാം പത്താം തീയതി അമ്പും വില്ലും ദൈവത്തിന് സമർപ്പിച്ച് പൂജ ചെയ്യാറുണ്ട്. വീടുകളിൽ കതിര് കയറ്റിയതിന് ശേഷമാണ് നായാട്ടിന് പോയിരുന്നത്. നായാട്ടിന് പോകുമ്പോൾ നായ്ക്കളെയും കൂടെ കൂട്ടാറുണ്ടായിരുന്നു.

മുള്ളുകുറുമർ നടത്തിയിരുന്ന ഒരു പ്രധാന ചടങ്ങാണ് നരിക്കുത്ത്. കാട്ടിൽ നിന്നും നരി (കടുവ) കുടികളിലേക്കിറങ്ങി പശുവിനെയോ നായയെയോ പിടിക്കുമ്പോഴാണ് നരിക്കുത്ത് നടത്തിയിരുന്നത്. മൂപ്പന്റെ നിർദ്ദേശപ്രകാരം വെളിച്ചപ്പാട് ഉറഞ്ഞ് നരി എവിടെയുണ്ടെന്ന് പറഞ്ഞു കൊടുക്കുന്നു, അതിനുശേഷം കരിയാത്തൻ ദൈവത്തിന്റെ അനുഗ്രഹം വാങ്ങിയ ശേഷമാണ് നരിക്കുത്ത് നടത്തിയിരുന്നത്. നരിയെ പിടിക്കാനായി വല കെട്ടുന്നു. വലയിൽ കുടുങ്ങിയ നരിയെ ഏഴു ദിവസം പട്ടിണിക്കിടുന്നു. അതിനുശേഷം ആളുകൾ വളഞ്ഞ് നരിക്കുന്തം കൊണ്ട് നരിയെ കുത്തി കൊലപ്പെടുത്തുന്നു.






# നായാട്ട് ഉപകരണങ്ങൾ

മുള്ളുകുറുമരുടെ ജീവിതത്തിൽ ഒഴിവാക്കാൻ കഴിയാത്തതായിരുന്നു നായാട്ട്. ഇതിന് അനുഷ്ഠാനപരമായ പ്രാധാന്യമുണ്ട്.

## വില്ല്

മുള ചീന്തിയെടുത്താണ് വില്ലുണ്ടാക്കുന്നത്. ഏഴ് കമ്പ് വരെ വലിപ്പമുള്ള മുളകൊണ്ടാണ് വില്ലുണ്ടാക്കുന്ന്. ഒരു മുളയിൽ നിന്ന് ഒരു വില്ല് മാത്രമേ നിർമ്മിക്കുകയുള്ളൂ. കാട്ടിൽ നിന്നും ശേഖരിക്കുന്ന ഞാണിൽ വള്ളി കൊണ്ടാണ് വില്ലിന്റെ ഞാൺ ഉണ്ടാക്കുന്നത്.

## കത്തിയമ്പ്

അമ്പിന്റെ മുന ഇരുമ്പിൽ തീർത്തതാണ് കത്തിയമ്പ്. കൂർപ്പിച്ച ലോഹ ഭാഗം ഈറ്റയിൽ ഉറപ്പിച്ചാണ് കത്തിയമ്പ് നിർമ്മിക്കുന്നത്. മൃഗങ്ങളെ അമ്പെയ്ത് വീഴ്ത്താനാണ് ഈ അമ്പ് ഉപയോഗിച്ചിരിക്കുന്നത്.

## മൊട്ടമ്പ്

അറ്റം മുളകൊണ്ട് ചെത്തി മൊട്ട് പോലുള്ള ഭാഗമാണ്. ഇത് ഈറ്റയുടെ കമ്പിൽ ചേർത്തു വെച്ചാണ് മൊട്ടമ്പ് നിർമ്മിക്കുന്നത്. ചെറിയ മൃഗങ്ങളെയും പക്ഷികളെയും അമ്പെയ്ത് വീഴ്ത്താനാണ് ഇത് ഉപയോഗിച്ചിരുന്നത്.

## അമ്പുംതള്ള

അമ്പുകൾ സൂക്ഷിക്കുവാനും കൊണ്ടു നടക്കുവാനും ഉപയോഗിച്ചിരുന്നതാണ് അമ്പുംതള്ള. മുളകുറ്റി ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചിരുന്നത് നായാട്ട് സമയത്ത് എളുപ്പത്തിൽ അമ്പ് എടുക്കുന്നതിനായി ചുമലിൽ തൂക്കിയിടുന്നതിനാണ് അമ്പുംതള്ള ഉപയോഗിച്ചിരുന്നത്.

## ബെറി വില്ല്

മുളം തണ്ട് ചെത്തി മുനുക്കി കൂർപ്പിച്ച് കാട്ടു ചെടിയുടെ വള്ളി വലിച്ചു കെട്ടിയാണ് ബെറിവില്ല് നിർമ്മിക്കുന്നത്. പക്ഷികളെ എയ്ത് വീഴ്ത്താനാണ് ഇത് ഉപയോഗിക്കുന്നത്. അതിനായി പുറ്റുമണ്ണ് കുഴച്ചുണ്ടാക്കിയ ചെറിയ മണ്ണുരുളകൾ കൊണ്ടാണ് പക്ഷികളെ വീഴ്ത്തിയിരുന്നത്.

## കവണ

മരകമ്പും റബ്ബർ ചരടും കൊണ്ട് നിർമ്മിക്കുന്ന ഉപകരണം. ചെറിയ മണ്ണുരുളകൾ വെച്ചാണ് പക്ഷികളെ എയ്തു വീഴ്ത്തിയിരുന്നത്.

## വെളഞ്ഞിക്കോൽ

പക്ഷി പിടുത്തത്തിന് ഉപയോഗിക്കുന്നതാണ് വെളഞ്ഞിക്കോൽ. ഇല്ലി ചെത്തി കൂർപ്പിച്ച് ഈർക്കിൽ വണ്ണത്തിൽന പശ തേച്ചാണ് ഇത് നിർമ്മിക്കുന്നത്. പശ തേച്ച കോലിൽ പക്ഷികൾ തട്ടിയാൽ പിന്നെ അവയ്ക്ക് പറക്കാൻ കഴിയുകയില്ല. ഒന്നിലധികം പശക്കോൽ അടുത്തടുത്തായി കുത്തി നിർത്തിയാണ് പക്ഷികളെ പിടിച്ചിരുന്നത്.





# മത്സ്യബന്ധനം

മീൻപിടുത്തം മുള്ളുകുറുമരുടെ മുഖ്യ ഉപജീവനമാർഗ്ഗമല്ലെങ്കിലും, മഴക്കാലങ്ങളിലും വേനൽകാലങ്ങളിലും വിവിധ ഉപകരണങ്ങളുപയോഗിച്ച് ഇവർ മീൻപിടിക്കാറുണ്ട്.

## കോർത്ത

ഇല്ലി (മുള) ചെത്തി മെടഞ്ഞാണ് കോർത്ത നിർമ്മിക്കുന്നത്. ഒരുഭാഗം മാത്രം മെടഞ്ഞ് മീൻ വാരിയെടുക്കാൻ പറ്റുന്ന വിധത്തിലാണ് കോർത്തയുടെ നിർമ്മാണം. സാമാന്യം വലിപ്പമുള്ള മീനുകളാണ് കോർത്തയിൽ പിടിക്കുന്നത്.

## ചാട

കോർത്തയുടെ ചെറിയ രൂപമാണ് ചാടയ്ക്ക്. ഇല്ലി ചീന്തിയെടുത്ത് മെടെഞ്ഞുണ്ടാക്കുന്നതാണിത്. മീൻകോരിയെടുക്കാനും ചാണകം ശേഖരിക്കാനും നെല്ല് വാരാനുമാണ് ഇത് ഉപയോഗിക്കുന്നത്.

## വല


നൂല് നെയ്തുണ്ടാക്കുന്നതാണിത്. വലിയ പുഴകളിൽ നിന്നും കുളങ്ങളിൽ നിന്നും മീൻ പിടിക്കാനായി ഇത് ഉപയോഗിക്കുന്നു.  വലിയ മീനുകളെ പിടിക്കാനാണ് ഇത് ഉപയോഗിക്കുന്നത്.

## മീൻ കൂട്

ഇല്ലി കൊണ്ടോ, ഈറ്റ കൊണ്ടോ  മെടഞ്ഞ് തയ്യാറാക്കുന്നതാണിത്. ഇതിന്റെ ഒരു ഭാഗം മെടെഞ്ഞ് കൂടു പോലെ ഉണ്ടാക്കുന്നു. ഒരു ഭാഗം വിസ്താരം കൂടിയും മറ്റേഭാഗം വിസ്താരം കുറഞ്ഞുമിരിക്കും. വിസ്താരം കുറഞ്ഞ ഭാഗത്ത് ഇല്ലി ചെത്തി കൂർപ്പിക്കുന്നു. ഇത് മഴക്കാലങ്ങളിൽ അരുവികളിലും തോടുകളിലും ചെറിയ ഒഴുക്കുള്ള ഭാഗത്താണ് വെയ്ക്കുന്നത്. ഇതിന് അകത്ത് മീൻ കയറിയാൽ പിന്നെ പുറത്തുവാരാൻ കഴിയില്ല.



കോർത്ത



ചാട



മീൻ കൂട്

# കൃഷി

മുള്ളുകുറുമരുടെ പ്രധാന ഉപജീവന മാർഗ്ഗം കൃഷിയായിരുന്നു. മേടമാസത്തിലാണ് നെൽകൃഷി ആരംഭിക്കുന്നത്. വർഷത്തിൽ ആദ്യമായി വിത്തു വിതയ്ക്കുമ്പോൾ പോരുന്നോനോട് അനുവാദം ചോദിക്കണമായിരുന്നു. കുടി കാരണവർ വിത്ത് വിതയ്ക്കുന്നതിന് നേതൃത്വം നൽകുന്നു. നെല്ല് മുളച്ചു വരുമ്പോൾ അതിന്റെ മുകളിൽ കാളയെ പൂട്ടുന്നു. നെല്ല് വളർന്നു വരുമ്പോൾ കളകളും അധികമുള്ള നെൽ ചെടികളും മാറ്റുന്നു.
തൊണ്ടി, പാൽതൊണ്ടി, ചെന്നെല്ല്, വെളിയൻ, ഗന്ധകശാല, ചോമാല, തവളക്കണ്ണൻ തുടങ്ങിയ നെല്ലിനങ്ങളായിരുന്നു മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. കർക്കിടക മാസത്തിൽ ഊർച്ച(പക്കഅടിക്കൽ) നടത്തുന്നു. ഞാറ് നടുന്നതിനായി നിലം ഒരുക്കുന്നതിനാലാണ് ഊർച്ച അടിക്കുന്നത്. തുലാം പത്തിന് കതിര് കേറ്റൽ (പുത്തരി) കതിര് വിളഞ്ഞ് വരുമ്പോൾ വൃശ്ചിക മാസമാകും. അപ്പോഴാണ് കൊയ്ത്ത് നടത്തുക. കൊയ്ത്ത് തുടങ്ങിയാൽ നെല്ല് മൊകയിടുന്നു(കറ്റയോടുകൂടി കൂട്ടിയിടുന്നു). ആവശ്യത്തിന് അനുസരിച്ച് മെതിക്കുന്നു. കുംഭ മാസത്തിൽ ഉച്ചാർ കഴിഞ്ഞ് വിഷു ആകുമ്പോഴേയ്ക്കും ഒക്കൽ (കാളകളെ വെച്ച് നെല്ല് മെതിക്കുന്നത്) നടത്തുന്നു. ഇത് കൊമ്മയിൽ സൂക്ഷിച്ചു വെയ്ക്കുന്നു.





# കാർഷികോപകരണങ്ങൾ

കൃഷിയാണ് മുള്ളുകുറുമരുടെ പ്രധാന ജീവനമാർഗ്ഗം. പ്രധാന കാർഷികോപകരണങ്ങൾ താഴെ വിവരിക്കുന്നു.

## കലപ്പ/ നെഞ്ഞാൾ

കലപ്പയുടെ പ്രാദേശിക പേരാണ് നെഞ്ഞാൾ. മരം കൊണ്ടാണിത് നിർമ്മിക്കുന്നത്. കൃഷി നിലം /വയൽ ഉഴുവാനാണ് നെഞ്ഞാൾ ഉപയോഗിക്കുന്നത്. ഇതിന്റെ അറ്റത്ത് ഇരുമ്പ് കൊണ്ടു കാളയുടെ പുറകിൽ കെട്ടിയാണ് നിലം ഉഴുതുമറിക്കുന്നത്.



## മമ്മട്ടി

മണ്ണ് കിളയ്ക്കുന്നതിനായി ഇരുമ്പ് കൊണ്ട് നിർമ്മിക്കുന്ന ഉപകരണമാണ് മമ്മട്ടി. ഇരുമ്പ് കൊണ്ടുള്ള പരന്ന മൂർച്ചയുള്ള ഭാഗം കൊണ്ടാണ് മണ്ണ് കിളയ്ക്കുന്നത്. മരം കൊണ്ടുള്ള നീളമുള്ള പിടിയും ഉണ്ട്.

## കൊമ്മ

ധാന്യങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്നതിന് മുള നെയ്ത് ഉണ്ടാക്കുന്ന വലുപ്പം കൂടിയ കൊട്ടയാണ് കൊമ്മ. മെടഞ്ഞു കഴിഞ്ഞ് പശുവിൻ ചാണകം മെഴുകി ഉണക്കിയെടുത്താണ് ഉപയോഗിക്കുന്നത്.



# ഗാർഹിക ഉപകരണങ്ങൾ

## കുന്താണി

നെല്ല് കുത്തരിയെടുക്കാനും അരിയും മറ്റ് ധാന്യങ്ങളും പൊടിക്കാനാണ് കുന്താണി ഉപയോഗിക്കുന്നത്. മണ്ണു കൊണ്ടാണ് കുന്താണി നിർമ്മിക്കുന്നത്.

## കൈല്/ കേല്

ചിരട്ടയും മുളംകമ്പും കൊണ്ടാണ് കേല് നിർമ്മിക്കുന്നത്. പല വലിപ്പത്തിൽ കേല് നിർമ്മിക്കുന്നു. കറികളും മറ്റു ഭക്ഷണ സാധനങ്ങളും കേരിയെടുക്കാനാണ് ഇത് ഉപയോഗിക്കുന്നത്.



കുന്താണി



പായി/പായ

## കോരി

ചോറ് കോരിയെടുക്കാനാണ് കോരി ഉപയോഗിക്കുന്നത്. വിവാഹത്തിനും മറ്റു ആഘോഷവേളകളിലും സദ്യ തയ്യാറാക്കുമ്പോഴാണ് കോരി കൂടുതലും ഉപയോഗിക്കുന്നത്.

## മുക്കി

തേങ്ങയുടെ ചകിരി കളഞ്ഞ് ചിരട്ടയുടെ മുകൾ ഭാഗം പൊട്ടിച്ച് അകത്തുള്ള കാമ്പ് കളഞ്ഞതിനു ശേഷം മുളം കമ്പുകൊണ്ട് കോർത്താണ് മുക്കി നിർമ്മിക്കുന്നത്. കുടിക്കാനുള്ള വെള്ളം കോരിയെടുക്കാനാണ് ഇത് ഉപയോഗിക്കുന്നത്.

## പായി/പായ

പാകമായ പായപ്പുല്ല് വെട്ടിയെടുത്ത് പാകത്തിന് ഉണക്കിയെടുത്താണ് പായ നിർമ്മിക്കുന്നത്. മുളസൂചിയും ചെടികളുടെ നാരും ഉപയോഗിച്ചാണ് പായയുടെ നിർമ്മാണം.



കോരി

# ഗാർഹിക ഉപകരണങ്ങൾ

## ചിപ്പിള്

ചോറ് ഊറ്റിയെടുക്കുന്നതിനാണ് ചിപ്പിള് ഉപയോഗിക്കുന്നത് മുള ചെറുതായി ചിന്തിയെടുത്ത് വൃത്താകൃതിയിൽ മെടഞ്ഞാണിത് നിർമ്മിക്കുന്നത്.

## ചൂല്

മാന്നിപ്പുല്ല്, കുറുന്തോട്ടി എന്നിവ കൊണ്ടാണ് ചൂല് നിർമ്മിക്കുന്നത്. മാനിചൂല് വീടിനകം വൃത്തിയാക്കാനും കുറുന്തോട്ടി ചൂല് പുറം വൃത്തിയാക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്.

## ഉറി

നിലം തൊടാതെ വെയ്ക്കുന്നതിന് കയർ, ചെകിരി നാര്, മാനിപ്പുല്ല് എന്നിവ കൊണ്ടാണ് ഉറി നിർമ്മിക്കുന്നത്. മൺപാത്രങ്ങളും മറ്റു സാധനങ്ങളും നിലം തൊടാതെ സൂക്ഷിക്കുന്നതിനാണ് ഉറി ഉപയോഗിക്കുന്നത്.

## ഏണി

വീട്ടാവശ്യങ്ങൾക്ക് മുളകൊണ്ട് നിർമ്മിക്കുന്നതാണ് ഏണി. രണ്ട് തരം ഏണി ഉപയോഗിക്കുന്നതായി കാണുന്നു. വീടിന്റെ തട്ടിൻപുറത്ത് കയറുവാനാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്

## ഉരൽ, ഉലക്ക

ധാന്യങ്ങൾ പൊടിക്കാൻ വേണ്ടിയാണ് ഉരൽ മരം കൊണ്ടാണ് നിർമ്മിക്കുന്നത്. ഇതിന്റെ മുകൾ ഭാഗത്തായി ധാന്യങ്ങൾ ഇടുന്നതിനായി ഒരു കുഴി യുണ്ട്. ആ ദ്വാരത്തിൽ ധാന്യം ഇട്ട് ഉലക്ക് കൊണ്ട് കുത്തിയാണ് പൊടിയ്ക്കുന്നത്. ഇതിനെ കുന്താണിയെന്ന് വിളിക്കാറുണ്ട്.


ചിപ്പിള്


ചൂല്


ഉറി


ഉരൽ, ഉലക്ക

## ഗാർഹിക ഉപകരണങ്ങൾ

### കൊട്ടിൽ

നാല് തൂണികൾ നാട്ടി പനയോലകൊണ്ട് മേഞ്ഞ് തയ്യാറാക്കുന്ന ചെറിയ കുടിലാണ് കൊട്ടിൽ. വിറക് സൂക്ഷിക്കുന്നതിനും നെല്ല് കുത്തുന്നതിനുമാണ് പ്രധാനമായും കൊട്ടിൽ നിർമ്മിക്കുന്നത്. മുൻകാലങ്ങളിൽ എല്ലാ വീടുകളിലും കൊട്ടിൽ ഉണ്ടായിരുന്നു.

### അരിവാൾ

റാഗി, നെല്ല് തുടങ്ങിയവ കൊയ്യാനായി ഉപയോഗിക്കുന്ന ഒരു തരം കത്തിയാണ് അരിവാൾ. വലുപ്പം കുറഞ്ഞതും അറ്റം വളഞ്ഞതും മൂർച്ച കൂടിയതുമായ ഇരുമ്പ് കൊണ്ട് നിർമ്മിക്കുന്നതാണ് അരിവാൾ.

### കത്തി

12 ഇഞ്ചോളം വലിപ്പമുള്ള മൂർച്ചയേറിയ ഉപകരണമാണ് കത്തി. കത്തിയുടെ പിടി മരം കൊണ്ടാണ് നിർമ്മിക്കുന്നത്. കാട് വെട്ടാനും കമ്പുകൾ വെട്ടാനുമാണ് ഇത് ഉപയോഗിക്കുന്നത്.

### കൊളകം

ധാന്യം അളക്കുന്നതിനുള്ള അളവുപാത്രം.

### ചുരക്കകായ്

ധാന്യങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്നതിനായി ചുരയ്ക്കയുടെ മൂത്ത കായ് കായെടുത്ത് അതിൽ ഒരു ദ്വാരമുണ്ടാക്കി അതിനകത്തുള്ളത് മുഴുവൻ ചുരണ്ടിയെടുത്ത് കുഴച്ച മണ്ണ് അതിനകത്തിട്ട് ഉണക്കിയെടുത്താണ് ഇത് ഉപയോഗിക്കുന്നത്.


കൊട്ടിൽ


കൊളകം


കത്തി

# ആഭരണങ്ങൾ

## മുള്ള്/ മിന്നി

കുട്ടികളുടെ കാതുകുത്തി കഴിഞ്ഞ് അണിയുന്ന ആഭരണം. വെള്ളി കൊണ്ടാണ് നിർമ്മിക്കുന്നത്.

## കാവള

കുട്ടികളുടെ കാലിൽ അണിയാൻ ഉപയോഗിക്കുന്ന ആഭരണം. ഈയം കൊണ്ടാണ് ഇത് നിർമ്മിക്കുന്നത്.

## നൂൽ

നൂല് കെട്ട് സമയത്ത് കുട്ടികളുടെ അരയിൽ കെട്ടികൊടുക്കുന്നതാണ് നൂൽ. വെള്ളികൊണ്ടുള്ള നൂലാണ് ഉപയോഗിക്കുക.

## കൈവള

വെള്ളികൊണ്ട് നിർമ്മിക്കുന്ന ചെറിയ കൈവളകൾ കുട്ടികളുടെ കൈയിൽ അണിയിക്കുന്നു. മുതിർന്ന പെൺകുട്ടികൾ കുപ്പിവളകൾ ഉപയോഗിക്കുന്നു.

## കമ്മൽ/ കടുക്കൻ

സ്വർണ്ണം കൊണ്ടോ വെള്ളി കൊണ്ടോ നിർമ്മിച്ച കാതിൽ അണിയാനുള്ള ആഭരണം. സ്ത്രീകളുടെ കമ്മലിനെ കാതല എന്നാണ് പറയുന്നത്. പുരുഷന്മാരുടെ ആഭരണത്തെ കടുക്കൻ എന്നും പറയുന്നു.

## തോർത്ത്

പത്ത് പന്ത്രണ്ട് വയസ്സുള്ള ആൺകുട്ടികൾ ഉടുത്തിരുന്ന വസ്ത്രമാണ് തോർത്ത്.

## പോച്ചുമുണ്ട്

പുരുഷന്മാർ തോളിൽ ഇട്ടു നടക്കാൻ ഉപയോഗിക്കുന്നതാണിത്. പരുത്തി തുണി കൊണ്ടുള്ള മുണ്ടാണിത്.

## കെട്ടുമുണ്ട്/ മേക്കട്ടി

ശരീരത്തിന്റെ മേൽഭാഗം മറയ്ക്കാനായി സ്ത്രീകൾ തോളിൽ കെട്ടിവെയ്ക്കുന്ന വസ്ത്രമാണ് കെട്ടുമുണ്ട്.









## കച്ചമുറി

സ്ത്രീകൾ ഉടുക്കാൻ ഉപയോഗിക്കുന്ന മുണ്ട്.

## കച്ച്

വിവാഹവുമായി ബന്ധപ്പെട്ട് വരനും കൂട്ടരും അരയിൽ കെട്ടുന്നതാണ് കച്ച്.

## ഒല്ലി

വരൻ വിവാഹ വേളയിൽ പുതയ്ക്കുന്ന തുണിയാണ് ഒല്ലി. മരണാനന്തര കർമ്മങ്ങളിലും ഒല്ലി പുതപ്പിക്കൽ ചടങ്ങുണ്ട്.









# ജനനം

മുൻകാലങ്ങളിൽ പ്രസവം നടത്തിയിരുന്നത് ബലിയപ്പെര (ദൈവപ്പെര)യിൽ വെച്ചാണ്. പ്രസവത്തോടനുബന്ധിച്ച് ഏഴ്, ഒമ്പത് എന്നീ ദിവസങ്ങളിലായി വാവിളി നടത്തുന്നു. കുട്ടിയെ കുളിപ്പിച്ച് ദൈവപ്പെരയ്ക്ക് അകത്ത് കയറ്റുന്നതാണ് വാവിളി. അന്ന് തന്നെ അമ്മയുടെ അശുദ്ധി മാറ്റുന്നതിനുള്ള ചടങ്ങുകൾ നടത്തുന്നു. കുഞ്ഞിന് മൂന്ന് മാസമാകുമ്പോൾ ദൈവപ്പെരയിൽ വെച്ച് ചോറ് നൽകുന്നു. രണ്ട് വയസ്സാകുമ്പോൾ കുട്ടിയുടെ കാത് കുത്തു നടത്തുന്നു.

പെൺകുട്ടികളിൽ ആദ്യത്തെ ആർത്തവത്തോടനുബന്ധിച്ച് തെരണ്ടകല്യാണം നടത്തിയിരുന്നു. തെരണ്ടകുട്ടിയുടെ അമ്മായിമാർ പോരുന്നോനെ വിവരമറിയിക്കുന്നു. ഏഴ് ദിവസമായിരുന്നു വീടിന്റെ ഒരു ഭാഗത്ത് കുട്ടിയെ മാറ്റി നിർത്തിയിരുന്നത്. കുട്ടിയെ എല്ലാ ദിവസവും കുളിപ്പിക്കുമായിരുന്നു. (തെരണ്ടകല്യാണം ഏത് ദിവസം നടത്തണമെന്ന് കുട്ടിയുടെ അച്ഛനും അമ്മയും കുടിമൂപ്പനും മറ്റുള്ളവരും കൂടി തീരുമാനിക്കുന്നു. ചിലപ്പോൾ കുടിയിലെ പ്രായപൂർത്തിയായ മറ്റു കുട്ടികളുടേയും തെരണ്ടകല്യാണം ഒന്നിച്ചാണ് നടത്തിയിരുന്നത്).

തെരണ്ടകല്യാണത്തിന്റെ തലേദിവസം വൈകുന്നേരം പെൺകുട്ടിയുടെ ഇളയമ്മ ദൈവപ്പെരയുടെ പടിയിൽ നിന്ന് കുട്ടിയുടെ തലയിൽ നല്ലെണ്ണ (എള്ളെണ്ണ) ഒഴിച്ചു കൊടുക്കുന്നു. എണ്ണ ഒഴിക്കുമ്പോൾ തലയിൽ നിന്നും നേരെ താഴോട്ട് വീണാൽ ആൺകുട്ടിയാകുമെന്നും ചരിഞ്ഞ് വീണാൽ പെൺകുട്ടിയാകുമെന്നാണ് വിശ്വാസം. അതിനുശേഷം കുട്ടിയെ കുളിപ്പിക്കുന്നതിനായി കൊണ്ടുപോകുന്നു. കുളിപ്പിച്ചു കൊണ്ട് വന്നതിനു ശേഷം കുട്ടിയ്ക്ക് ദൈവപ്പുരയിൽ വെച്ച് തേങ്ങാ ചോറ് കൊടുക്കുന്നു. ആറാം ദിവസം ഉച്ച കഴിഞ്ഞ് നായാട്ടിനു പോകുന്നു. അന്ന് രാത്രി കുടിയിൽ കോൽക്കളി നടത്തുന്നു. ഇതിന് കുടിമൂപ്പനും മുതിർന്ന ആളുകളുമാണ് നേതൃത്വം കൊടുക്കുന്നത്. കല്യാണദിവസം ക്ഷണിക്കപ്പെട്ട ബന്ധുക്കൾ എത്തിച്ചേരുന്നു. കുട്ടിയ്ക്ക് പലഹാരങ്ങൾ കൊണ്ടു വരുന്നു. ഉച്ചയ്ക്ക് എല്ലാവർക്കും സദ്യ കൊടുക്കുന്നു. മുൻകാലങ്ങളിലാണ് ഈ ചടങ്ങ് നടത്തിയിരുന്നത്.





# വിവാഹം

കന്നിമാസത്തിലാണ് പെണ്ണിനെ അന്വേഷിച്ചിറങ്ങുന്നത്. പെണ്ണിന്റെ കുലമാണ് പ്രധാനമായും നോക്കുന്നത്. മുള്ളുകുറുമരിൽ വടക്കെകുലം, വില്ലിപ്പകൊലം, കാതിവകൊലം, വേങ്കടകൊലം എന്നിങ്ങനെ നാലു കുലങ്ങളുണ്ട്. ഒരേ കുലത്തിൽ തന്നെ ചെക്കനും പെണ്ണും വന്നാൽ അവർ സഹോദരങ്ങളായാണ് കണക്കാക്കുന്നത്. അതുകൊണ്ട് ഒരേ കുന്നിൽ നിന്നും ഒരേ കുടിയിൽ നിന്നും വിവാഹം കഴിക്കാറില്ല. ഒരേ കുലത്തിൽ നിന്നും വിവാഹം കഴിച്ചിരുന്നവരെ സമുദായത്തിൽ നിനും പുറംതള്ളിയിരുന്നു. അമ്മയുടെ കുലമാണ് മക്കൾ പൻതുടരുന്നത്.





പെണ്ണിന്റെ കുലം, കുന്ന് എന്നിവ അന്വേഷിച്ചതിനു ശേഷമേ ചെറുക്കന്റെ അച്ഛൻ പെണ്ണിനെ അന്വേഷിക്കാറുള്ളു. അതിനായി കുടിയിൽ എത്തിയതിനു ശേഷം ആദ്യം കാണുന്നത് പോരുന്നോനെയാണ്. രണ്ടാമത്തെ തവണയാണ് പെണ്ണിന്റെ അച്ഛൻ വിവാഹത്തിന് സമ്മതമാണോ അല്ലയോ എന്നറിയിക്കുന്നത്. സമ്മതമാണെങ്കിൽ ചെക്കന്റെ കൂട്ടർ പെണ്ണ് കുറിക്കാനായി എത്തിച്ചേരുന്നു. പോരുന്നോന്റെ നേതൃത്വത്തിലാണ് പെണ്ണ് കുറിക്കൽ ചടങ്ങ് (കല്യാണം കഴിക്കാനുള്ള കുടിക്കാരുടെ തീരുമാനം) നടത്തുന്നത്.

വിവാഹത്തിന്റെ രണ്ട് ദിവസം മുമ്പ് തന്നെ അടുത്ത ബന്ധുക്കൾ മറ്റു കുടികളിൽ നിന്നും ചെക്കന്റെയും പെണ്ണിന്റെയും വീടുകളിൽ എത്തിച്ചേരുന്നു. ഇതിനെ ബന്ധുവ എന്നാണ് പറയുന്നത്. ഈ ദിവസം കോൽക്കളി നടത്തുകയും നായാട്ടിനു പോകുകയും ചെയ്തിരുന്നു. മറ്റു കുടികളിൽ നിന്നുമെത്തുന്ന ബന്ധുക്കൾ കെല്ലിപ്ട്ട്(അപ്പം) കൊണ്ടുവരണമായിരുന്നു. അത് ദൈവപ്പെരയിൽ കയറ്റി ശേഷം കളിക്കാർക്ക് കൊടുക്കുന്നു.

രാവിലെ തെയ്യത്തെ (ദൈവത്തെ) കാണുന്നു. ആദ്യം ദൈവപ്പെരയുടെ മുറ്റത്ത് വെളിച്ചപ്പാട് തെയ്യമായി ഉറഞ്ഞു തുള്ളുന്നു. തെയ്യത്തിനോട് പെണ്ണിനെ നാലുപടി ഇറക്കുന്നതിന് (വിവാഹം ചെയ്തയക്കുന്നതിന്) സമ്മതം ചോദിക്കുന്നു. കല്യാണത്തിനോടനുബന്ധിച്ച് നിർമ്മിക്കുന്ന ആറ്കാൽ പന്തൽ നാട്ടുന്നതിന് തെയ്യം അരിയെറിഞ്ഞ് കാണിച്ചു കൊടുക്കുന്നു. കുന്ന്മൂപ്പന്മാർക്കും കുടിമൂപ്പന്മാർക്കും ഇരിക്കാനുള്ളതാണ് ആറ്കാൽപന്തൽ. വെളിച്ചപ്പാടും കാരണവന്മാരും പെൺകുട്ടിയെ പച്ചരിയെറിഞ്ഞ് അനുഗ്രഹിക്കുന്നു. അന്ന് ഉച്ചയ്ക്ക് ഭക്ഷണം നൽകുന്നു. സന്ധ്യയോടുകൂടി വിവാഹത്തിന് ക്ഷണിച്ച ആളുകൾ എത്തിച്ചേരുന്നു. ഈ ദിവസത്തെ ആളുകൂടൽ എന്നാണ് പറയുന്നത്. കുന്നുമൂപ്പനും മറ്റ് മൂപ്പന്മാരും എത്തിച്ചേർന്നതിനു ശേഷം പോരുന്നോൻ പന്തലിൽ വിളക്കു വെച്ചതിനു ശേഷം കുന്നുമൂപ്പന്മാരെ പന്തലിൽ ഇരിക്കുന്നതിനായി ക്ഷണിക്കുന്നു. മൂപ്പന്മാർ തീ കൂട്ടി പന്തലിൽ ഇരിക്കുന്നു. വിളക്ക് വെച്ച് കഴിഞ്ഞതിനു ശേഷം മണവാട്ടിയെ (കല്യാണപെണ്ണിനെ) ആഭരണങ്ങൾ മാമൻ(കൊലക്കാരൻ) അണിയിക്കുന്നു. പെണ്ണിന്റെ പഴയ ആഭരണങ്ങൾ മാറ്റി കാതിൽ കാതല, കൈയ്യിൽ വള എന്നിവ അണിയിക്കുന്നു. മണവാട്ടി എല്ലാവരിൽ നിന്നും അനുഗ്രഹം വാങ്ങുന്നു. രാത്രി ഭക്ഷണത്തിന് ശേഷം മുറ്റത്ത് വട്ടക്കളി കളിക്കുന്നു.





മണമാളന്റെ (കല്യാണചെക്കൻ) കുടിയിലും ഇതേ ചടങ്ങ് നടക്കുന്നു. മാമൻ കല്യാണചെക്കന് കാതലയും വളയും കച്ചും അണിയിക്കുന്നു. വെള്ളികത്തി, നാരായം എന്നിവ നൽകുന്നു. അതിന്ശേഷം അനുഗ്രഹം വാങ്ങൽ, വട്ടക്കളി എന്നിവയും നടക്കുന്നു.

പിറ്റേന്നു രാവിലെ മണവാളനും കൂട്ടരും പെണ്ണിനെ വിവാഹം കഴിച്ചു കൊണ്ടുവരാനായി പോകുന്നു. മൂന്നാംമുത്തൻ കാണംകെട്ടി, മുണ്ട്ക്കാർത്തി (കല്യാണചെറുക്കന്റെ ബന്ധുക്കൾ) തുടങ്ങിയവർ ദൈവപ്പെരയിൽ കയറി കുടിമൂപ്പന്റെ അനുഗ്രഹം വാങ്ങുന്നു. പോരുന്ന മുത്തൻ കാണംകെട്ടിയുടെ കൈയിൽ കാണം(പെൺപണം) നൽകുന്നു. കല്യാണചെക്കന്റെ അച്ഛനാണ് അഞ്ചരരൂപ കാണമായി പോരുന്നോന് നൽകുന്നത്.

പെണ്ണ്ക്കാർ(വരന്റെ കൂട്ടർ) പെണ്ണിന്റെ കൂടിയിൽ എത്തിയാൽ പെണ്ണിനെ മാമൻ ദൈവപ്പെരയുടെ തിണ്ണയിൽ ഇരിക്കാനായി പായയിട്ട് കൊടുക്കുന്നു. അതിനു ശേഷം പോരുന്ന മുത്തന്റെ നിർദ്ദേശ പ്രകാരം കോൽക്കളി കളിക്കുന്നു. അതേസമയം മണവാട്ടിയെ ദൈവപ്പെരയിലേയ്ക്ക് കൂട്ടി കൊണ്ടുവരുന്നു. കോൽക്കളി നിർത്തി വരന്റെ കൂട്ടരെ ദൈവപ്പെരയിലേയ്ക്ക് കയറ്റുന്നു. മുണ്ട്ക്കാർത്തിയും മണവാളനും ഒരു ഭാഗത്തും മണവാട്ടിയും കൂട്ടരും മറുഭാഗത്തായി നൽക്കുന്നു. കാണം കെട്ടി പെണ്ണിന്റെ മാമന് കാണം കൈമാറിയതിന് ശേഷം മുണ്ട്കാർത്തി മണവാട്ടിയെ മണവാളന്റെ ഭാഗത്തേയ്ക്ക് വലിക്കുകയും പുതിയ വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നു. അതിന് ശേഷം താലി കെട്ട് ചടങ്ങ് നടത്തുന്നു. കൊലക്കാരൻ പോരുന്ന മൂത്തന് കൈയിൽ കാണം കൊടുക്കുന്നു. മുൻകാലങ്ങളിൽ ഇത് അഞ്ചര രൂപയായിരുന്നു. പോരുന്ന മൂത്തൻ അത് എണ്ണി നോക്കി കുന്ന് മൂപ്പന്റെ കൈയ്യിൽ കൊടുക്കുന്നു. അദ്ദേഹം അത് എണ്ണി നോക്കി കുടികാരണവരുടെ കൈയ്യിൽ തിരിച്ചു കൊടുക്കുന്നു. കുടി കാരണവർ രണ്ടരപണം മാമന് കൊടുക്കുന്നു. ബാക്കി മൂന്ന് പണം ദൈവപ്പെരയുടെ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നു. ഇങ്ങിനെ ചെയ്താൽ മണവാളനെയും മണവാട്ടിയെയും അംഗീകരിച്ചതായി കണക്കാക്കുന്നു. താലികെട്ടിനു ശേഷം എല്ലാവരും സദ്യ കഴിക്കുന്നു. അതിന് ശേഷമാണ് പെണ്ണിറക്കൽ ചടങ്ങ്. വധൂവരന്മാരും കൂട്ടരും ദൈവപ്പെരയിൽ കയറുന്നു. അവിടെവെച്ച് കാരണവന്മാർ രണ്ടുപേരെയും അനുഗ്രഹിച്ച് യാത്രയാക്കുന്നു. പെണ്ണിനെ ഇറക്കുമ്പോൾ കുടിമൂപ്പന്മാരോട് സമ്മതം ചോദിച്ചാണ് ചെയ്യുക. ദൈവപ്പെരയിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ അവർക്ക് വെറ്റില കൊടുക്കുന്നു. ആദ്യം കാണം കെട്ടിയും പിറകെ മണവാളനും മണവാട്ടിയും മുണ്ട്ക്കാർത്തിയും മറ്റുള്ളവരും ഇറങ്ങുന്നു. അതിനുശേഷം പ്ട്ട് വിരുന്ന് നടത്തുന്ന ദിവസം ചോദിക്കുന്നു. സാധാരണയായി മൂന്ന്, അഞ്ച്, ദിവസങ്ങളിലാണ് വിരുന്ന് നടത്തുന്നത്.







വരന്റെ കുടിയിൽ എത്തിയതിന് ശേഷം മണവാളനും മണവാട്ടിയും മറ്റുള്ളവരും ദൈവപ്പെരയിൽ കയറുന്നു. അവിടെ വെച്ചും മൂപ്പന്മാരുടെ അനുഗ്രഹം വാങ്ങുന്നു. അന്ന് രാത്രി കുടിയിൽ വട്ടക്കളി നടത്തുന്നു.
പിറ്റേന്ന് രാവിലെ പെണ്ണിനെയും കൊണ്ട് തണ്ണികോരിക്കുന്നതിനായി നാത്തൂൻ (ഭർത്താവിന്റെ സഹോദരി) കേണിയിൽ നിന്നും വെള്ളം കോരി അത് ദൈവപ്പെരയിൽ കൊണ്ടുവെയ്ക്കുന്നു. അന്ന് കെല്ലിപ്പട്ട് കാപ്പിയും കുടിച്ച് എല്ലാവരും പിരിഞ്ഞു പോകുന്നു. ഇതിനെ ആളുപിരിയൽ എന്നു പറയുന്നു.







മൂന്നാം ദിവസം പെണ്ണിന്റെ വീട്ടിലേയ്ക്ക് വിരുന്ന് പോകുന്നു. ഇതിനെ പ്ട്ട് വിരുന്ന് എന്നും പരിഷം അറിയിക്കൽ എന്നും പറയുന്നു. മുൻകാലങ്ങളിൽ മണമാട്ടിയും മണമാളനും  മണമാളന്റെ വീട്ടുകാർ പകുതി വഴി വരെ പോയി പെണ്ണ് വീട്ടുകാർക്ക് പ്ട്ട് (അപ്പം) കൈമാറുന്നു. ഇതിൽ തലപ്ട്ട് ദൈവപ്പെരയിൽ കയറ്റുവാനുള്ളതാണ്. മടിപ്ട്ട് വഴിയിൽ കഴിക്കുവാനുള്ളതും മണവാട്ടിയും മണവാളനും മറ്റുള്ളവരും അപ്പവും കൊണ്ട് ദൈവപ്പെരയിൽ കയറുന്നു. അത് ഇറക്കിവെച്ചതിനുശേഷം മണവാട്ടി മുതിർന്നവർക്ക് വെറ്റിലയും അടയ്ക്കയും കൊടുക്കുന്നു. അന്ന് രാത്രി മുതിർന്നവർക്ക് വിളമ്പിയതിനു ശേഷം പ്ട്ട് കുടിയിലുള്ള ഓരോ കുടുംബത്തിനും കൊടുക്കുന്നു. വിരുന്നിന്റെ പിറ്റെ ദിവസം മണമാളനെ നായാട്ടിനായി കൊണ്ടുപോകുന്നു. ഇതിനെ മണമാളൻ നായാട്ട് എന്നു പറയുന്നു. പിറ്റേദിവസം ചെക്കന്റെ വീട്ടിലേയ്ക്ക് വിരുന്ന് പോകുന്നു. പെണ്ണിന്റെ വീട്ടുകാർ പ്ട്ട് പകുതി വരെ അനുഗമിക്കുന്നു. അവിടെ നിന്നും ചെക്കന്റെ വീട്ടുകാർ അനുഗമിക്കുന്നു. ചെക്കന്റെ കുടിയിൽ എത്തിയാൽ പെണ്ണ് പ്ട്ടുമായി ദൈവപ്പെരയിലേയ്ക്ക് കയറണം. ഇവിടെയും കാരണവന്മാർക്ക് വിളമ്പിയതിനു ശേഷം കുടിയിലെ എല്ലാവർക്കും അപ്പം വീതം വെച്ചു കൊടുക്കുന്നു. പ്ട്ട് വിരുന്നിന് ശേഷം ചെക്കനും പെണ്ണും പെണ്ണിന്റെ വീട്ടിലേയ്ക്ക് പോകുന്നതാണ് മറുവിരുന്ന്.

# മരണാനന്തര ചടങ്ങുകൾ

ഒരു കുടിയിൽ മരണം നടന്നാൽ ഉടനെ കുടിമൂപ്പനെ വിവരമറിയിക്കുന്നു. കുടിമൂപ്പൻ വിവരം മറ്റുള്ളവരെ അറിയിക്കുന്നു. അതിനു ശേഷം മൃതദേഹം ദൈവപ്പെരയിൽ കിടത്തുന്നു. മരിച്ച ആളിനെ തെക്ക്- വടക്ക് ദിശയിലായി പായയിൽ കിടത്തുന്നു. തലഭാഗത്തായി വിളക്കും ചന്ദനത്തിരിയും കത്തിച്ചുവെയ്ക്കുന്നു. ഒരു ഭാഗത്തായി സ്ത്രീകളും കുട്ടികളും കരഞ്ഞുകൊണ്ടിരിക്കുന്നു. പോരുന്നോൻ മൃതദേഹം സംസ്ക്കരിക്കുന്നതിന് ചുടലയിൽ (ശ്മശാനത്തിൽ) പോയി കുഴിവെട്ടാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നു. മറ്റു കുടിയിൽ നിന്നുമുള്ള ബന്ധുക്കൾ വരുമ്പോൾ മരിപ്പിന് (മൃതദേഹത്തിന്) പുതയ്ക്കാനായി പുരുഷനാണെങ്കിൽ വെള്ളതുണിയും സ്ത്രീയ്ക്കാണെങ്കിൽ കെട്ടുമുണ്ടും തീറ്റ(വെറ്റില, അടക്ക, മീൻ, വെല്ലം) തുടങ്ങിയവ കൊണ്ടുവരുന്നു. മൃതദേഹത്തെ പുതപ്പിക്കുന്നതിനെ ഒല്ലി പുതപ്പിക്കൽ എന്നാണ് പറയുക.





മറ്റ് കുടിയിൽ നിന്നുള്ള ബന്ധുക്കൾ എത്തിച്ചേർന്നാൽ മരിപ്പിനെ കുളിപ്പിക്കുന്നതിനായി എടുക്കുന്നു. ആദ്യം ചീനിക്ക വെള്ളം കൈകൊണ്ട് കോരി ഒഴിക്കുന്നു. പിന്നീട് ബന്ധുക്കൾ ഓരോരുത്തരായി ചിരട്ട കൊണ്ട് വെള്ളമൊഴിക്കുന്നു. പിന്നീട് ബന്ധുക്കൾ മരിപ്പിനെ കുളിപ്പിക്കുകയും പരമ്പരാഗത രീതിയിൽ വസ്ത്രം ധരിപ്പിക്കുകയും സ്ത്രീകൾക്ക് മേക്കട്ടി, മടിയിൽ വെറ്റില, പുരുഷന്മാർക്ക് മേലാണി, കൊങ്കിടിൽ വെറ്റില കെട്ടുന്നു. (തോർത്തിൽ വെറ്റില കെട്ടുന്നത്). ഒല്ലി പുതപ്പിക്കുന്നു. കുറി തൊട്ടുവെയ്ക്കുന്നു. വെറ്റില ഇടിച്ച് വായിൽ വെയ്ക്കുന്നു. വായിൽ പൈസ വെയ്ക്കുന്നു. ഇത് കുലക്കാരിൽ ആരെങ്കിലുമാണ് ചെയ്യുന്നത്. അതിനുശേഷം ശ്മശാനത്തിലേയ്ക്ക് കൊണ്ടുപോകുന്നു.



## മരണാനന്തര ചടങ്ങുകൾ



രണ്ടുപേർ ചേർന്ന് മരിപ്പിനെ കുഴിയിലിറക്കുന്നു. മൃതദേഹം വെച്ചതിനു ശേഷം പുരുഷനാണെങ്കിൽ അമ്പും വില്ലും കാൽഭാഗത്തായി വെയ്ക്കുന്നു. കൂടാതെ മരണപ്പെട്ട ഉപയോഗിച്ച വസ്ത്രങ്ങളും പുതപ്പിച്ച തുണികളും എടുത്ത് മൃതദേഹത്തിന്റെ കൂടെ അടക്കുന്നതിനായി വെയ്ക്കുന്നു. തീറ്റയും കാൽഭാഗത്തായി വെയ്ക്കുന്നു. കുഴിയുടെ ഒരു ഭാഗത്തായി അള(അറ) എടുക്കുന്ന രീതി നിലവിലുണ്ട്. മൃതദേഹം ഈ അറയിലേയ്ക്ക് തള്ളി വെയ്ക്കുന്നു. അതിനെ പലകകൊണ്ട് മറച്ചതിനു ശേഷം കുഴിയിൽ നിന്നും മുകളിലേയ്ക്ക് കയറുന്നു. അതിനുശേഷം പോരുന്നോൻ ഇടത് കൈ കൊണ്ട് ഒരു പിടി മണ്ണ് വാരിയിടുന്നു. മറ്റുള്ളവരും കുറച്ച് മണ്ണ് കുഴിയിലേയ്ക്കിടുന്നു. കുഴി മൂടാറാകുമ്പോൾ തലഭാഗത്തും കാൽഭാഗത്തും ഓരോ കമ്പ് കുത്തിവെയ്ക്കുന്നു. മണ്ണ് കൂനയായി ഉയർത്തുന്നു. അതിലെ കമ്പുകളും കല്ലും എടുത്ത് കളയുന്നു. കൊട്ടമുള്ള കൂനയുടെ മുകളിൽ വെയ്ക്കുന്നു. മൂന്ന് കല്ലുകൾ തലഭാഗം, നടുഭാഗം, കാൽഭാഗം എന്നിവിടങ്ങളിൽ എടുത്ത് വെയ്ക്കുന്നു. അതിനുശേഷം എല്ലാവരും കുളിക്കാനായി പോകുന്നു. ചുടലയിൽ നിന്നും മാറിയതിനുശേഷം പോരുന്നോൻ മറ്റുള്ളവരുമായി ആലോചിച്ച് മൂന്ന്, അഞ്ച്, ഏഴ് എന്നീ ദിവസങ്ങളിൽ പൊല നടത്തണമെന്ന് തീരുമാനിക്കുന്നു. എല്ലാവരും കുളിച്ച് കുടിയിലേയ്ക്ക് പോകുന്നു. കുഴിയെടുക്കാൻ കൊണ്ടുപോയ ആയുധങ്ങൾ കഴുകി ദൈവപ്പുരയുടെ കോലായിൽ (വരാന്ത) വെയ്ക്കുന്നു.







പൊല (അശുദ്ധി) കഴിയുന്നതു വരെ മീനോ ഇറച്ചിയോ എണ്ണയോ കഴിക്കാൻ പാടില്ല. അതുപോലെ മുടിമുറിക്കുക, താടി വടിക്കുക എന്നിവയും ചെയ്യാൻ പാടില്ല. പൊല തീരുന്ന ദിവസം കുടിയിലെ സ്ത്രീകൾ രാവിലെ എഴുന്നേറ്റ് കുളിച്ച് ബലിയപ്പെരയിൽ വന്ന് അടിച്ചു തളിച്ച് വൃത്തിയാക്കുന്നു. മരിച്ചയാളിന്റെ സഹോദരിയോ രക്തബന്ധത്തിലെ ആരെങ്കിലും കൊലക്കാരത്തിയായി നിൽക്കുന്നു. അവർ അരി വറുത്ത് പൊടിച്ച് കുമ്മേരിപൊടി ഉണ്ടാക്കുന്നു. ആദ്യം പോരുന്നോനും മറ്റുള്ളവർക്കും കാപ്പിയും കുമ്മേരിപൊടിയും നൽകുന്നു. എല്ലാവരും ബലിയപ്പെരയുടെ സമീപത്തു നിന്നും കഴിക്കുന്നു.

## മരണാനന്തര ചടങ്ങുകൾ

ബലിയപ്പെരയുടെ മുറ്റത്ത് ഒരു പാത്രത്തിൽ എണ്ണയും മോന്തുപാളയിൽ എണ്ണയും, ആവണക്കില, തെരിക, കലം, ചിരട്ട, ബലിപ്പലക, പച്ചക്കായ്, ചൂടലകഞ്ഞി, കൈക്കട്ട്(മമ്മട്ടി) എന്നിവ വെച്ചിരിക്കും. കൊലക്കാരത്തി സ്ത്രീകൾക്ക് എണ്ണ ഒഴിച്ചു കൊടുക്കുന്നു. അവർ കുളിക്കാനായി പോകുന്നു. സ്ത്രീകൾ കുളിച്ചു വരുമ്പോൾ മൺകലത്തിൽ വെള്ളം കൊണ്ടു വരുന്നു. മൂന്ന് കലം ബലിയപ്പെരയ്ക്ക് അകത്തും ഒരു കലം വെള്ളം ബലിയപ്പെരയ്ക്ക് പുറത്തും വെയ്ക്കുന്നു. ചെറുപ്പക്കാർ ആദ്യം തന്നെ പോരുന്നോന്റെയും മറ്റു മുതിർന്നവരുടേയും താടി വടിക്കുന്നു. അതിന്ശേഷം മരിച്ച ആളിന്റെ കുലക്കാരൻ മൂപ്പന്റെ കൈയ്യിൽ എണ്ണ ഒഴിച്ചു കൊടുക്കുന്നു. മോന്തിപാളയിൽ നിന്നും ഇടതുകൈകൊണ്ട് എണ്ണതൊട്ട് കാലിൽ വെയ്ക്കുന്നു. മറ്റുള്ളവർക്കും കൊലക്കാരൻ എണ്ണ ഒഴിച്ചു കൊടുക്കുന്നു. എല്ലാവരും കുളിക്കാൻ പോയതിനു ശേഷം കൊലക്കാരത്തി കൈക്കോട്ട്, കത്തി, പലക എന്നിവ കഴുകി വൃത്തിയാക്കി ബലിയപ്പെരയ്ക്ക് അകത്ത് കൊണ്ടുവെയ്ക്കുന്നു. സ്ത്രീകൾ ബലിയപ്പെരയും മുറ്റവും അടിച്ചു തളിച്ച് ചാണകവെള്ളം തളിക്കുന്നു. എല്ലാവരും എത്തിച്ചേർന്നതിനു ശേഷം ഭക്ഷണം കഴിക്കുന്നു. ഇതോടെ എല്ലാവരുടേയും പൊല മാറുന്നു.





സന്ധ്യയ്ക്ക് വിളിച്ചിറക്കൽ ചടങ്ങ് നടത്തുന്നു. കല്യാണം കഴിച്ച ആണുങ്ങളാണ് മരിച്ചതെങ്കിൽ ഭാര്യയും കുട്ടികളും അവരുടെ സ്വന്തം കുടിയിലേയ്ക്ക് കൊണ്ടുപോകാനായി ഭാര്യയുടെ സഹോദരൻ എത്തിച്ചേരുന്നു. ഇതിനായി പോരുന്നോൻ തെയ്യത്തെ വിളിച്ച് സമ്മതം ചോദിക്കുന്നു. വെളിച്ചപ്പാട് അനുവാദം കൊടുക്കുകയാണെങ്കിൽ അവരെ അവിടെ നിർത്തുകയും ചെയ്യുന്നു.

മരിച്ച ആളിനെ മരണപ്പെട്ടവരുടെ കൂട്ടത്തിൽ കൂട്ടുന്ന ചടങ്ങുണ്ട്. ഇതിനായി സ്ത്രീകൾ കോർത്തയുമെടുത്ത് മീൻ കോരാൻ പോകുന്നു. ആദ്യം കോരുന്നത് കരയിലിടുന്നു. പിന്നെ കിട്ടുന്ന മീൻ കൊണ്ടു വന്ന് കറിയുണ്ടാക്കുന്നു. മീൻ കോരിയ സ്ത്രീകൾ തന്നെയാണ് ഭക്ഷണമുണ്ടാക്കുന്നത്. മത്തൻ, കുമ്പളം എന്നിവ ഇട്ടു കറി വെയ്ക്കുന്നു. അത് ബലിയപ്പെരയുടെ അടുപ്പിലാണ് തയ്യാറാക്കുന്നത്. ആ കുടിയിൽ എത്രപേർ മരിച്ചിട്ടുണ്ടെങ്കിലും അവർക്ക് ഭക്ഷണം വിളമ്പുന്നു. കാരണവന്മാർക്ക് വാഴയിലയിലും മറ്റുള്ളവർക്ക് ഇലചീന്തിലുമാണ് ഭക്ഷണം വിളമ്പുന്നത്. അതിനുശേഷം ബലിയപ്പെരയുടെ വരാന്തയിൽ പോരുന്നോനും കൊലക്കാരനും ഭക്ഷണം വിളമ്പുന്നു. എല്ലാവരും ഭക്ഷണം കഴിച്ചതിനു ശേഷം അടിച്ചു വൃത്തിയാക്കുന്നു. രാത്രി പോരുന്നോൻ മരിച്ചയാളിന്റെ പേര് വിളിച്ച് മരിച്ചവരുടെ കൂട്ടത്തിൽ കൂടാൻ പറയുന്നു.

# വിശ്വാസം

മുള്ളുകുറുമർ ബലിയപ്പെരയ്ക്ക് അകത്തുവെച്ചും മുറ്റത്ത് വെച്ചും ദൈവങ്ങളെ വിളിച്ചു കാണാറുണ്ട്. അകത്ത് വിളിക്കുന്ന ദൈവങ്ങളോട് കുടുംബത്തെ സംബന്ധിച്ച കാര്യങ്ങളാണ് ചോദിക്കുക. പുറത്തുള്ള കാര്യങ്ങൾ അറിയുന്നതിനാണ് അതിരാളന്മാരെ വിളിച്ചു കാണുന്നത്.

മുള്ളുകുറുമരുടെ പരമ്പരാഗത സമൂഹഘടന നാലു നാടും മൂന്ന് കുന്നുമായിരുന്നു. ഓരോ നാടും ഓരോ നാടുവാഴിയുടെ/ കോയ്മയുടെ കീഴിൽ ആയിരുന്നു. അവിടെയുള്ള ക്ഷേത്രത്തിൽ ചെട്ടി, കുണ്ടുവടിയൻ തുടങ്ങിയ സമുദായക്കാരെ പോലെ കുറുമർക്കും ചില അവകാശങ്ങളുണ്ട്. ഒരു നാട്ടിലെ ഉത്സവങ്ങളിൽ നാടുവാഴിയുടെ പരിധിയിൽ വരുന്ന കുറുമർ നിർബന്ധമായും പങ്കെടുക്കണം. കൂടാതെ പൂതാടി, പൊറക്കാടി, പാക്കം, മടൂർ, എടൂർ തുടങ്ങിയ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽ തിറയും ഉത്സവവും നടത്തുന്നതിൽ മുള്ളുകുറുമർക്ക് ചില അവകാശങ്ങളുണ്ട്.













# ബലിയപ്പെര / ദൈവപ്പെര

എല്ലാ കുടികളിലും ബലിയപ്പെര ഉണ്ടായിരിക്കും. മുള്ളുകുറുമരുടെ എല്ലാ ആഘോഷങ്ങളും ചടങ്ങുകളും ബലിയപ്പെരയിൽ വെച്ചാണ് നടത്താറുള്ളത്. ഇതിന് ഒറ്റമുറിയാണ് ഉള്ളത്. വിശേഷ ദിവസങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നത് ബലിയപ്പെരയുടെ അടുപ്പിൽ വെച്ചാണ്. ഒരു ചെറിയ അടുപ്പ്, ഒരു വലിയ അടുപ്പ്, ഭണ്ഡാരം, പാത്രങ്ങൾ, വിളക്ക് തുടങ്ങിയവയാണ് ബലിയപ്പെരയിൽ സാധാരണയായി കാണുന്നത്.പോരുന്ന മൂത്തി (കുടിമൂപ്പന്റെ ഭാര്യ) രാവിലെയും വൈകീട്ടും വൃത്തിയാക്കി ഒരു കുടം വെള്ളം കൊണ്ടുവെയ്ക്കുന്നു. കുടിമൂപ്പനും ഭാര്യയും ബലിയപ്പെരയിൽ താമസിക്കണമെന്നാണ് ആചാരം. മരിച്ചു പോയ പൂർവ്വീകരെ ദൈവത്തിന് തുല്യമായി ആരാധിച്ചു വരുന്നു. പാക്കത്തെയ്യം, തമ്പുരാട്ടിഅമ്മ, മുത്തപ്പന്മാർ, പൂതാടിതെയ്യം, കാളിമല, കണ്ടംവില്ലി എന്നീ തെയ്യങ്ങളെയും ആരാധിക്കുന്നു. ഓരോ കുടിയിലേയും ആരാധനാമൂർത്തികളിൽ വ്യത്യാസം കാണുന്നു. ചടങ്ങുകളിലും മറ്റു സന്ദർഭങ്ങളിലും പോരുന്നവനെ സഹായിക്കുന്ന ആളാണ് പോരാത്തവൻ. ദൈവങ്ങളെ കുടിയിരുത്തുന്നതിനും മരിച്ചു പോയ ആളുകളെ കൂട്ടത്തിൽ കൂട്ടുന്നതിനും മൃതദേഹം കിടത്തുന്നതും ഇലയ്ക്ക് കൊടുക്കുന്നത് (പൂർവീകർക്ക് കൊടുക്കുന്നത്), താലി കെട്ടുന്നത് തുടങ്ങിയ എല്ലാ ചടങ്ങുകളും നടത്തുന്നത് ബലിയപ്പെരയിൽ വെച്ചാണ്. കുടികൾക്ക് അനുസരിച്ച് ബലിയപ്പെരയിലെ ദൈവസങ്കൽപങ്ങൾക്കും വ്യത്യാസമുണ്ട്. ഉച്ചാർ, പുത്തരി, കല്യാണം, പൊലകുളി എന്നീ സന്ദർഭങ്ങളിൽ ഇവർ ദൈവത്തെ വിളിച്ചു കാണുമായിരുന്നു.








# ഉച്ചാർ/ ഉച്ചാൽ

കൊയ്ത്ത് കഴിഞ്ഞതിനു ശേഷം നടത്തുന്ന ഒരു അനുഷ്ഠാനമാണ് ഉച്ചാർ/ഉച്ചാൽ. മകര മാസം മുപ്പതാം തീയ്യതി മുതൽ കുഭമാസം വരെയാണ് ഉച്ചാർ നടത്തുന്നത്. ഉച്ചാറിന് മുമ്പ് ഉച്ചാറിന്റെ ദിവസം തീരുമാനിക്കുന്നതിനായി കാരണവന്മാർ ഒത്തുകൂടി ദൈവത്തിനെ വിളിക്കൽ ചടങ്ങ് നടത്തുന്നു. അന്നാണ് ഉച്ചാറിനുള്ള തീയതി നിശ്ചയിക്കുന്നത്.







ഉച്ചാർ ദിവസം രാവിലെ കുടികളിൽ ദൈവത്തിനെ വിളിക്കുകയും ദൈവത്തിന്റെ കൽപന ചോദിച്ചറിയുകയും ചെയ്യുന്നു. ഉച്ചയ്ക്ക് സ്വന്തം വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കുകയും സന്ധ്യ/രാത്രിയിൽ ബലി യപ്പുര/ദൈവപ്പുരയിൽ വെച്ച് ഭക്ഷണം തയ്യാറാക്കി മരിച്ചു പോയ കാരണവന്മാർക്ക് കൊടുക്കുന്നു. കുടി കാരണവർ(പോരുന്നോൻ) ആദ്യത്തെ ഇലയിൽ വിളമ്പുന്നു. മരിച്ചു പോയ കാരണവന്മാരുടെ എണ്ണമനുസരിച്ചോ അതെല്ലങ്കിൽ നാൽപ്പത്തിയൊന്ന് ഇല വെച്ച് ഭക്ഷണം വിളമ്പുന്നു. ഇതിനായി ഗന്ധകശാലയുടെ അരികൊണ്ടുള്ള ചോറും മീൻ, ഇറച്ചി, പച്ചക്കറി എന്നിവകൊണ്ടുള്ള കറികളുമാണ് വിളമ്പുന്നത്. കൂടാതെ കാരണവന്മാർക്കായി മദ്യവും ഒഴിച്ചു കൊടുക്കുന്നു. എല്ലാവരും പ്രാർത്ഥിച്ച് ദൈവപ്പുരയുടെ പുറത്ത് പോകുന്നു. കുറച്ച് സമയത്തിന് ശേഷം വാതിൽ തുറന്ന് വിളമ്പിയ ചോറും കറിയും കാരണവന്മാരും മറ്റു മുതിർന്നവരും കഴിക്കുന്നു. അതിനുശേഷം കുടിയിലെ എല്ലാവർക്കും ഭക്ഷണം വിളമ്പുന്നു. മുൻകാലങ്ങളിൽ പാറയ്ക്ക് മേലെ മകരമാസം അവസാനത്തിലും പാറയ്ക്ക് താഴെ കുംഭ മാസത്തിലുമായിരുന്നു നടത്തിയിരുന്നത്. മൂന്ന് കുന്നിലും നാലു നാട്ടിലും ഉച്ചാർ ചില പ്രാദേശിക ഭേദങ്ങളോടെയാണ് നടത്തി വരുന്നത്.

# പുത്തരി

മുള്ളുകുറുമരുടെ ഒരു പ്രധാന ആഘോഷമാണ് പുത്തരി. മലയാള മാസം തുലാം പത്തിനാണ് പുത്തരി ആഘോഷിക്കുന്നത്. പുത്തരിയ്ക്ക് മുമ്പായി കുടിയിലെ സ്ത്രീകൾ  ബലിയപ്പുര/ദൈവപ്പുര വൃത്തിയാക്കുന്നതോടെയാണ് ചടങ്ങുകൾക്ക് തുടക്കമാകുന്നത്. ദൈവപ്പുരയുടെ തറ കരിയും ചാണകവും ചേർത്ത് മെഴുകുന്നു. തറയുടെ ചുമർ ഭാഗം പശിമയുള്ള വെള്ളമണ്ണുകൊണ്ട് മെഴുകുന്നു.









പുത്തരിയ്ക്ക് മൂന്ന് ദിവസം മുമ്പ് തന്നെ വിവാഹം കഴിക്കാത്ത ചെറുപ്പക്കാരെ വ്രതമെടുത്ത് നിർത്തുന്നു. പുത്തരി ദിവസം അതിരാവിലെ വയലിൽ നിന്നും കതിര് പറിച്ച് കെട്ടി ഈറനോടു കൂടി ബലിയപ്പുരയിൽ കൊണ്ടു വരുന്നു. ബലിയപ്പുരയിൽ പോരുന്നോൻ ഒരു പലകമേൽ കൂവലയില വെച്ചിരിക്കും. അതിനു മുകളിലാണ് കതിര് വെയ്ക്കുക. ചില കുടികളിൽ അമ്പലത്തിൽ കതിര് കൊണ്ടു വന്ന് അവിടെ നിന്നും ബലിയപ്പുരയിൽ കതിര് കേറ്റുന്ന രീതിയുമുണ്ട്. വിളക്കും ചന്ദനത്തിരിയും കത്തിച്ചു വെച്ച് പോരുന്നോൻ ഒരു തേങ്ങ വെട്ടി കതിരിനെ കുളിപ്പിക്കുന്നു. സമീപത്തായി അമ്പും വില്ലും എടുത്ത് വെയ്ക്കുകയും ചെയ്യുന്നു.

നെൽകതിരിന്റെ കൂടെ ഇല്ലിയുടെ ഇല, ആലിന്റെ ഇല, മാവിന്റെ ഇല എന്നിവ കൊണ്ടു വരുന്നു. അതിനു ശേഷം പോരുന്ന മുത്തൻ വെളിച്ചപ്പാടിനെ വിളിച്ച് ചടങ്ങുകൾ ആരംഭിക്കുന്നു. പോരുന്ന മുത്തൻ, പോരാത്തമുത്തൻ, വെളിച്ചപ്പാട് എന്നിവർ വിളക്കിനും കൊണ്ടുവന്ന നെൽകതിരിനുമടുത്തായി നിൽക്കുന്നു. അതിന് അഭി മുഖമായി കുന്നിലെ മുതിർന്നവരും കാരണവന്മാരും നിൽക്കുന്നു. ഇവർക്ക് നടുവിലായി ഒരു വലിയ വാഴയില വിരിക്കുന്നു. എല്ലാവരും പ്രാർത്ഥിച്ചതിനു ശേഷം വാഴയില യിലേയ്ക്ക് കതിര് കുടഞ്ഞിടുന്നു. ഇവയെല്ലാം വറുത്ത് പുത്തൻ ഉണ്ടാക്കുന്നു. ഇത് മരിച്ചുപോയ കാ രണവന്മാർക്കുള്ള നേർച്ചയാണ്. ഇതിന് ശേഷം ദൈവത്തെ വിളിക്കുന്നു. അതോടെ മരിച്ചു പോയ കുടിമൂപ്പന്മാർ വെളിച്ചപ്പാടിൽ പ്രവേശിക്കുകയും അദ്ദേഹം ഉറഞ്ഞു തുള്ളി എല്ലാവർക്കും അനുഗ്രഹം നൽകുന്നു. ആ കുടി യിലെ ആദ്യത്തെ കാരണവരാണ് വെളിച്ചപ്പാടിലൂടെ വരുന്നതെന്നാണ് വിശ്വാസം. അതിനുശേഷം ദൈവപ്പുരയി ൽ കതിർ കെട്ടി വെയ്ക്കുന്നു. കുടിയിലെ ആളുകൾ ഓരോരുത്തരായി കതിര് വാങ്ങി വീടുകളിലേയ്ക്ക് പോ കുന്നു. വീടിനും ആലയിലും (പശുതൊഴുത്ത്) കേണി എന്നിവിടങ്ങളിലും കതിര് കെട്ടി വെയ്ക്കുന്നു. അടുത്ത ദിവസം നായാട്ടിനും പോയിരുന്നു. പുത്തരിയുടെ പിറ്റെദി വസം നായാട്ടിന് പോയിരുന്നു. ഇതിനെ പുത്തരി നായാട്ട് എന്നാണ് പറയുക.







# ചാത്ത്റം നോക്കൽ

കൂവളത്തിന്റെ കായ തുരന്ന് വൃത്തിയാക്കി അതിൽ അരിമണികൾ ഇടുന്നു. അരികുടുക്ക എന്നാണ് ഇതിനെ പറയുന്നത്. നെല്ല് ഉണക്കി അതിൽ നിന്നും പൊട്ടാത്ത അരിയെടുക്കുന്നു. അവ വീണ്ടും എണ്ണ തേച്ച് ഉണക്കി അരി കുടുക്കയിൽ ഇട്ട് വെയ്ക്കുന്നു. അരി നിരത്തി വെയ്ക്കാൻ ഉപയോഗിക്കുന്ന പലകയെ ചാത്ത്റ പലക എന്നു പറയുന്നു. വിശേഷ ദിവസങ്ങൾ അറിയുന്നതിനും രോഗം, സാമ്പത്തിക വിഷമം എന്നീ സന്ദർഭങ്ങളിലാണ് ഇവർ ചാത്ത്റം നോക്കുന്നത്. മിക്ക കുടികളിലും ചാത്ത്റം നോക്കുന്ന ആളുകളുണ്ട്. കൂടാതെ നല്ല ദിവസങ്ങൾ അറിയുന്നതിനായി മുട്ടിചാത്ത്റവും നോക്കുന്ന പതിവുണ്ട്. താളിയോലകളിലാണ് ഇത് നോക്കുന്നത്. ഇതിൽ അറിവുള്ളവർക്ക് മാത്രമേ ഇത് കൊണ്ടു നടക്കാൻ കഴിയൂ.





# വട്ടക്കളി, കോൽക്കളി

വിവാഹം, ആഘോഷം തുടങ്ങിയ വേളകളിലാണ് വട്ടക്കളി കളിച്ചിരുന്നത്. ഗണപതിയേയും ശിവനെയും സ്തുതിച്ചു പാടുന്ന പാട്ടോടു കൂടിയാണ് വട്ടക്കളി ആരംഭിക്കുന്നത്. രാത്രി കാലങ്ങളിലാണ് വട്ടക്കളി കളിച്ചിരുന്നത്. വിളക്ക് കത്തിച്ചു വെച്ച് ആ പ്രകാശത്തിന്റെ പ്രഭയിലാണ് കുട്ടികൾ കളിച്ചിരുന്നത്. വട്ടക്കളിയിൽ പങ്കെടുക്കുന്നവർ വട്ടത്തിൽ നിന്ന് പാട്ടുപാടി കളിക്കുന്നു. ഇതിൽ മുതിർന്ന ഒരാൾ പാട്ടു പാടുകയും മറ്റുള്ളവർ ഏറ്റ് പാടുകയും ചെയ്യുന്നു. കുടിയിലെ പുരുഷന്മാരും മറ്റു കുടിയിലെ പുരുഷന്മാരും കളിയിൽ പങ്കെടുക്കുന്നു. പാട്ടിനൊത്തുള്ള ചവിട്ടും കൈ കൊണ്ടുള്ള ആംഗ്യവുമാണ് ഇതിൽ പ്രധാനം. പുരാണ കഥകളിലെ സന്ദർഭങ്ങളാണ് പാട്ടുകളിലൂടെ പറയുന്നത്. കോലുകൾ (കമ്പുകൾ) അടിച്ചു കൊണ്ട് പാട്ടുപാടി കളിക്കുന്നതാണ് കോൽക്കളി. കോൽക്കളിയിലും ഗണപതിയെ സ്തുതിച്ചു കൊണ്ടാണ് ആരംഭിക്കുന്നത്. വട്ടത്തിൽ നിന്ന് പാട്ടുപാടി കോലുകൊണ്ട് അടിച്ച് താളത്തിൽ ചുവട് വെച്ചു കളിക്കുന്നു.

# സാമൂഹ്യമാറ്റം

കാർഷികവൃത്തിയും വേട്ടയാടലും പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന മുള്ളുകുറുമർ ഇന്ന് വലിയ തോതിൽ മാറ്റത്തിന് വിധേയമായിരുന്നു. കേരളത്തിലെ പല പ്രദേശങ്ങളിൽ നിന്നുമുള്ള കുടിയേറ്റവും അതിനെ തുടർന്ന് നടന്ന ഭൂവിനിയോഗരീതിയിലെ മാറ്റവും വനനിയമങ്ങളും, വിദ്യാഭ്യാസം നേടിയ യുവജനങ്ങൾ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തിയതും പരമ്പരാഗത ഉപജീവനമാർഗ്ഗത്തിൽ നിന്നും മാറാൻ കാരണമായി. കാർഷിക, കാർഷികേതര തൊഴിൽ, സേവന മേഖല, സ്വകാര്യമേഖല എന്നിവിടങ്ങളിൽ പലരും തൊഴിൽ കണ്ടെത്തി. ഇതിന്റെ ഫലമായി പരമ്പരാഗത ഉപജീവനമാർഗ്ഗത്തിൽ വന്ന മാറ്റം അവരുടെ ഉൽപാദനോപാധികളിലും മാറ്റത്തിനിടയാക്കിയത് അവരുടെ ജീവിതരീതിയിലും സംസ്കാരത്തിലും പ്രതിഫലിച്ചു. മുള്ളുകുറുമരുടെ പരമ്പരാഗത സാമൂഹ്യഘടന ഇന്ന് നാമമാത്രമായ അധികാരത്തോടെയാണ് നിലനിൽക്കുന്നത്.
























## References

Luiz A.A.D, 1962, Tribes of Kerala, Bharatiya Adima Jathi Sevak Sangh: New Delhi
Madhava Menon T, 1996. The Encyclopaedia of Dravidan Tribes, Vol,II DLA Publications: Thiruvananthapuram
Rajalekshmi Misra, 1971, Mullukurumbas of Kappala, Anthropological Survey of India : Calcatta

മുള്ളുകുറുമൻ,കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുടെ ഡോക്യുമെന്റേഷൻ,2019,
കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്),കോഴിക്കോട്

# വികസനപഠന വിഭാഗം

കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്)

ചേവായൂർ പി.ഒ, കോഴിക്കോട് -17
ഫോൺ : 0495 - 2356805, 0495 - 2357329

*web site : kirtads.kerala.gov.in, e-mail : kirtads@gmail.com*